# കാർഷികവായ്പ: ജില്ലയിലെ ബാങ്കുകളുടെ യോഗം വിളിക്കും

അടിമാലി • കർഷകരെ സമ്മർദത്തിലാക്കി വായ്പത്തുക തിരിച്ചു പിടിക്കാനുള്ള ബാങ്കുകളുടെ നീക്കം ഗൗരവത്തോടെയാണു സർക്കാർ കാണുന്നതെന്നു മന്ത്രി വി.എസ്. സുനിൽകുമാർ. ഇതുമായി ബന്ധപ്പെട്ട് ജില്ലയിലെ ബാങ്കുകളുടെ യോഗം അടിയന്തരമായി വിളിച്ചു ചേർക്കാൻ കലക്ടർക്ക് നിർദേശം നൽകി.

2 ദിവസത്തിനകം ഇതു സംബന്ധിച്ചുള്ള റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

കൃഷി വകുപ്പിന്റെയും അഗ്രികൾചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ആത്മ) ഇടുക്കി, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, ശാന്തൻപാറ കൃഷി വിജ്ഞാൻ കേന്ദ്രം എന്നിവയുടെ ആഭിമുഖ്യത്തിൽ അടിമാലിയിൽ ആരംഭിച്ച ജില്ലാ കാർഷിക മേള ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കാർഷിക മേഖലയെ പുനർനിർമ്മിക്കാനാണ് സർക്കാർ ശ്രമമെന്ന് അധ്യക്ഷനായിരുന്ന മന്ത്രി എം.എം. മണി പറഞ്ഞു.

ജില്ലയിലെ മികച്ച കൃഷി വകുപ്പുദ്യോഗസ്ഥർക്കുള്ള അവാർഡുകൾ ചടങ്ങിൽ വിതരണം ചെയ്തു.



കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ അടിമാലിയിൽ ആരംഭിച്ച ജില്ലാ കാർഷിക മേള മന്ത്രി വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി എം.എം. മണി, ജില്ലാ കലക്ടർ കെ. ജീവൻ ബാബു തുടങ്ങിയവർ സമീപം.

ആത്മ പദ്ധതികളുടെ ആനുകൂല്യവിതരണം ജില്ലാ കലക്ടർ കെ. ജീവൻ ബാബു നിർവഹിച്ചു.

ആത്മ പ്രോജക്ട് ഡയറക്ടർ കെ. മീന, ജില്ല പ്രിൻസിപ്പൽ കൃഷി ഓഫിസർ ആൻസി ജോൺ, അടിമാലി പഞ്ചായത്ത് പ്രസിഡന്റ് ശ്രീജ ജോർജ്, സിപിഐ ജില്ലാ സെക്രട്ടറി കെ.കെ. ശിവരാമൻ, പി.വി. സ്കറിയ, സി.എ. ഏലിയാസ്, വി.എൻ. സുരേഷ് ബിജു വർഗീസ്, ഡോ. ആർ. മാരിമുത്തു, ടി.കെ. ഷാജി എന്നിവർ പ്രസംഗിച്ചു. സെമിനാറിന് കൃഷി വിജ്ഞാൻ കേന്ദ്രം ശാസ്ത്രജ്ഞരായ ഡോ. ബിനു ജോൺ സാം, മഞ്ജു ജിൻസി വർഗീസ്, ഡോ. സുധാകർ എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു. മേള ഇന്ന് സമാപിക്കും.